**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 280** **12-03-2025 - ൽ മറുപടിയ്ക്ക്**

**തെങ്ങ് കൃഷിയിൽ ശാസ്ത്രീയ പരിപാലന രീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | തെങ്ങ് കൃഷിയിൽ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും ശാസ്ത്രീയ പരിപാലന രീതികളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പ്രത്യേകമായ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ക്യാമ്പയിനിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. നാളികേര വികസന പദ്ധതിയുടെ ഭാഗമായി കേര രക്ഷാ വാര ക്യാമ്പയിനുകൾ നടത്തി വരുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീട രോഗ പരിപാലനം, പച്ചിലവള പ്രയോഗം, ഇടവിള കൃഷിയുടെ പ്രാധാന്യം എന്നിവ ക്യാമ്പയിനിൽ ഉൾപ്പെടുത്തുന്നു.<br><br>കാർഷിക സർവകലാശാലയിലെ വിവിധ കേന്ദ്രങ്ങളിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വഴി ശാസ്ത്രീയ കൃഷിരീതികൾ, പരിപാലന മുറകൾ, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, പച്ചിലവള പ്രയോഗം, ഇടവിള കൃഷി, ജലസേചനം തുടങ്ങിയവയുടെ പ്രാധാന്യത്തെ കുറിച്ച് കർഷകർക്കു ബോധവൽക്കരണം നൽകി വരുന്നു.<br><br>തെങ്ങു കർഷകർക്ക് പരിശീലന പരിപാടികൾ, സംരംഭകത്വ വികസനത്തിനായുള്ള സാങ്കേതിക പരിശീലനങ്ങൾ എന്നിവ കാർഷിക സർവകലാശാലയിലെ നാളികേര മിഷൻ, അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ, വിവിധ തെങ്ങു ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നടത്തി വരുന്നുണ്ട്. ശാസ്ത്രീയ തെങ്ങു കൃഷിയെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള വിവിധ പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനങ്ങളും നൽകി വരുന്നു. |
| (ബി) | നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | നാളികേരാധിഷ്ഠിത മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി കൂട്ടങ്ങളെയും കർഷക ഉല്പാദക സംഘടനകളെയും സർക്കാർ സജ്ജമാക്കിയിട്ടുണ്ട്. നാളികേര മൂല്യവർധന മേഖലയിലെ കർഷകരെ സഹായിക്കുന്നതിനായി സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം സ്മാൾ |

| | | | |
|---|---|---|---|
| | | | ഫാർമേഴ്സ് അഗ്രി ബിസ്സിനസ്സ് കൺസോർഷ്യം വഴി നൽകി വരുന്നു. കേരള കാർഷിക സർവകലാശാല മുഖേന പുതുതായി സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുവാനുള്ള സാങ്കേതിക വിദ്യകൾ, വ്യാവസായിക അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള പിന്തുണ എന്നിവ "നാളികേരാധിഷ്ഠിത നൈപുണ്യ വികസന വിജ്ഞാന പദ്ധതി" പ്രകാരം നൽകുന്നുണ്ട്.<br><br>സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം കേരള നടപ്പിലാക്കുന്ന 2 പദ്ധതികളിലും മേൽനോട്ടം വഹിക്കുന്ന ഒരു സി.എസ്.എസ്. പദ്ധതിയിലുമായി 48 നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ നിലവിലുണ്ട്.<br><br>പോഷകസമൃദ്ധമായ ഭക്ഷ്യഎണ്ണ, 'നീര', 'കേരചക്കര', പാംഷുഗർ, വെളിച്ചെണ്ണയിൽ നിന്നുള്ള സൗന്ദര്യവർദ്ധക ലേപനങ്ങൾ, കരിക്കിൻവെള്ളം, വെന്തവെളിച്ചെണ്ണ, തേങ്ങാപ്പാൽ എന്നിവ ഉപയോഗിച്ചുള്ള വിവിധ ഉത്പന്നങ്ങൾ, തെങ്ങിൻ തടിയിൽ നിന്നുള്ള ഗൃഹോപകരണങ്ങൾ, തെങ്ങിൽ നിന്നുള്ള വേസ്റ്റ് ഉപയോഗിച്ചുള്ള ഫ്യൂയൽ ബ്രിക്കേറ്റുകൾ, കമ്പോസ്റ്റ് എന്നിവയുടെ വ്യവസായികാടിസ്ഥാനത്തിലുള്ള പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നുണ്ട്.<br><br>കേരള കൊക്കോനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ് തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളും നാളികേരാധിഷ്ഠിത മൂല്യവർധിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകയും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ